പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4128 — 27.06.2012 ൽ മറുപടിയ്ക്ക്

## തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിന് യുവജനനയം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എ.എം. ആരിഫ് | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് സ്വന്തമായി ഒരു യുവജനനയം അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് അന്തിമ രൂപം നൽകാനായി യുവജനസംഘടനകളുടെ പ്രതിനിധികൾ, യുവ എം.എൽ.എ മാർ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് രണ്ടുഘട്ടം ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ മുന്നോട്ട് വച്ച ഭേദഗതികൾ ഉൾക്കൊള്ളിച്ച് കൊണ്ട്, സമഗ്രമായ മറ്റൊരു ചർച്ച കൂടി സംഘടിപ്പിച്ചശേഷമേ നയം അംഗീകരിക്കാനുള്ള നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. |
| (ബി) തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ യുവാക്കൾക്ക് ജോലി ലഭിക്കുന്നതിനായി വിവിധ മേഖലകളിലുള്ള സർക്കാർ/പൊതുമേഖല/അർദ്ധ സർക്കാർ/സ്വകാര്യ കമ്പനികളെ പങ്കെടുപ്പിച്ച് കൊണ്ട് യുവജനക്ഷേമ ബോർഡ് തൊഴിൽ മേളകൾ (Job Fest) സംഘടിപ്പിച്ച് വരുന്നുണ്ട്. ഈ വർഷം എറണാകുളം, പാലക്കാട് ജില്ലകളിൽ ജോബ് ഫെസ്റ്റ് നടത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വന്തം നിലയ്ക്ക് വിവിധ കമ്പനികളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും, അതുവഴി തങ്ങൾക്ക് ഇഷ്ടമുള്ള കമ്പനികളിൽ യോഗ്യതയ്ക്കനുസരിച്ച് ജോലി സ്വീകരിക്കുന്നതിനും സഹായകമാകുന്ന വിധത്തിൽ യുവജനക്ഷേമ ബോർഡ് 'ജാലകം' എന്ന ബോർഡിന്റെ വെബ്സൈറ്റ് |

നവീകരിച്ച രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തൊഴിൽ സംബന്ധമായ വിവിധ പരിശീലന / ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. യുവാക്കൾക്കായി യൂത്ത് ക്ലബ്ബുകൾ വഴി സ്വയം തൊഴിൽ പരിശീലനങ്ങൾ, കാർഷിക വികസന പദ്ധതികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. വ്യക്തിത്വ വികസന ക്യാമ്പുകൾ, തൊഴിൽ സംബന്ധമായ ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.എല്ലാ ജില്ലകളിലും യുവാക്കൾക്കായി സൌജന്യ ഡി.റ്റി.പി പരിശീലനം, പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ, വൺ ടൈം രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച് യുവജനങ്ങൾക്ക് സഹായകമാകുന്ന പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ